**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 03.04.2024**

# "ആരോഗ്യ വകുപ്പ് ക്ലാർക്കിനെ കഠിന തടവിന് ശിക്ഷിച്ചു."

മലപ്പുറം ജില്ലയിലെ നന്നമ്പ്ര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ യു.ഡി ക്ലാർക്കായിരുന്ന സി.കെ. മുരളിദാസിനെ നന്നമ്പ്ര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ടിനു വേണ്ടിയുള്ള ബാങ്ക് അക്കൌണ്ടിൽ ഒരു ലക്ഷം രൂപ തിരിമറി നടത്തിയതിന് 5 വകുപ്പുകളിലായി ഓരോ വർഷം വീതം കഠിന തടവിനും 1,40,000/- രൂപ പിഴ ഒടുക്കുന്നതിനും കോഴിക്കോട് വിജിലൻസ് കോടതി ഇന്ന് (03/04/2024) ശിക്ഷ വിധിച്ചു.

2005 - 2008 കാലഘട്ടത്തിൽ നന്നമ്പ്ര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ക്ലാർക്കായിരുന്ന സി.കെ. മുരളി ദാസ്, വിവിധ സന്ദർഭങ്ങളിലായി മെഡിക്കൽ ഓഫീസറുടെ വ്യാജ ഒപ്പിട്ട് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ അക്കൌണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വെട്ടിപ്പ് നടത്തിയതിന് വിജിലൻസ് മലപ്പുറം യൂണിറ്റ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം നൽകിയ കേസ്സിലാണ് പ്രതിയായ സി.കെ. മുരളിദാസിനെ കോഴിക്കോട് വിജിലൻസ് കോടതി കുറ്റക്കാരനാണെന്ന് കണ്ടെത്തി ഇന്ന് (03/04/2024) ശിക്ഷ വിധിച്ചത്. മുരളിദാസിനെ അഞ്ച് വകുപ്പുകളിലായി ഒരു വർഷം വീതം ആകെ അഞ്ച് വർഷം കഠിന തടവിനും 1,40,000/- രൂപ പിഴ ഒടുക്കുന്നതിനുമാണ് കോഴിക്കോട് വിജിലൻസ് കോടതി ശിക്ഷിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്ന് വിധി ന്യായത്തിൽ പറയുന്നു.

മലപ്പുറം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. അബ്ദുൾ ഹമീദ്.പി രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി മലപ്പുറം വിജിലൻസ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. കെ. സലിം കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതിയായ സി.കെ. മുരളിദാസിനെ കുറ്റക്കാരനാണെന്ന് കോഴിക്കോട് വിജിലൻസ് കോടതി കണ്ടെത്തിയത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. അരുൺ നാഥ്.കെ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.